## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2503 — 23/01/2014-ൽ മറുപടിക്ക്

### പട്ടികവർഗ്ഗ ക്ഷേമത്തിനുള്ള തുക

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഇ.കെ. വിജയൻ: | | കുമാരി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | പട്ടികവർഗ്ഗ ക്ഷേമത്തിനായി 2014-15 സാമ്പത്തിക വർഷം ധനകാര്യ കമ്മീഷൻ എത്ര തുക നീക്കി വയ്ക്കാനാണ് ശുപാർശ ചെയ്തത് ; | എ | ധനകാര്യകമ്മീഷൻ അവർഡ് ഓരോ 5 വർഷത്തേക്കുമാണ്. 13 ാം ധനകാര്യ കമ്മീഷൻ 2010-15 കാലയളവിലേക്ക് 148 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയുടെ ശുപാർശ പ്രകാരമാണ് ഓരോ വർഷവും സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ തുക ഉൾകൊള്ളിക്കുന്നത്. 2014-15 സാമ്പത്തിക വർഷത്തിൽ 37 കോടി രൂപ കമ്മറ്റി ശുപാർശ ചെയ്തിട്ടുണ്ട്. |
| ബി | അടുത്ത സാമ്പത്തിക വർഷം പ്രസ്തുത ഫണ്ട് ഉപയോഗിച്ച് ഏതെല്ലാം നവീന പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; | ബി | നവീന പദ്ധതികളൊന്നും തന്നെ നടപ്പാക്കുന്നില്ല. എന്നാൽ 2014-15 സാമ്പത്തിക വർഷം, പാക്കേജിന്റെ ഭാഗമായി അംഗീകരിച്ചിട്ടുള്ള ഭവന നിർമ്മാണം, ഫുഡ് സപ്പോർട്ട് പ്രോഗ്രാം, പെരിപ്പതറ്റിക് സെന്റർ, സ്പെഷ്യൽ അംഗൻവാടി, കുടിവെള്ളം, റോഡ് നിർമ്മാണം, പ്ലാനിംഗ് ഇംപ്ലിമെന്റേഷൻ & മോണിറ്ററിംഗ് എന്നീ പദ്ധതികൾ നടപ്പിലാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |
| സി | കഴിഞ്ഞ സാമ്പത്തികവർഷം അനുവദിച്ച തുക പൂർണ്ണമായി വിനിയോഗിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | സി | കഴിഞ്ഞ സാമ്പത്തികവർഷം (2012-13) അനുവദിച്ചിരുന്ന 37 കോടി രൂപയിൽ 36.93 കോടി രൂപ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ